"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-മലപ്പുറം ജില്ലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിലേക്കായി മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ കുറ്റിപ്പുറം വില്ലേജിൽ നിന്നും പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ ആനക്കര വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1129/2025/RD തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:
1. 12/04/2018-ലെ സ.ഉ.(അച്ചടി) നം.17/2018/റ.വ നമ്പർ ഉത്തരവ്
2. 14/02/2019-ലെ സ.ഉ.(കൈ)നം.56/2019/റ.വ നമ്പർ ഉത്തരവ്
3. 17/10/2017-ലെ സ.ഉ.(സാധാ)നം.589/2017/ജ.വി.വ നമ്പർ ഉത്തരവ്
4. കെ.ഐ.ഐ.ഡി.സി.എൽ. എക്സിക്യൂട്ടീവ് ഓഫീസറുടെ 12/03/2025-ലെ KIIDC/91/2022-PE4 നം. കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിലേക്കായി ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (3) ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ കുറ്റിപ്പുറം വില്ലേജിൽ നിന്നും പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ ആനക്കര വില്ലേജിൽ നിന്നും ചുവടെ പറയുന്ന സർവ്വേ നമ്പറുകൾ ഉൾപ്പെട്ട 2.668 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്ന് കെ.ഐ.ഐ.ഡി.സി.എൽ. എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| ജില്ല | താലൂക്ക് | വില്ലേജ് | സർവ്വെ നം. | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|---|
| മലപ്പുറം | തിരൂർ | കുറ്റിപ്പുറം | 99/9C | 0.865 |
| പാലക്കാട് | പട്ടാമ്പി | ആനക്കര | 13/2B, 25/5 | 1.803 |
| **ആകെ** | | | | **2.668 സെന്റ്** |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ (ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട്, 2013) വ്യവസ്ഥകൾ പ്രകാരം, മലപ്പുറം ജില്ലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനു വേണ്ടി മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ കുറ്റിപ്പുറം വില്ലേജിൽ നിന്നും പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ ആനക്കര വില്ലേജിൽ നിന്നും മേൽ പറഞ്ഞ സർവ്വേ നമ്പറുകൾ ഉൾപ്പെട്ട 2.668 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ കളക്ടർ ഭൂമി ഏറ്റെടുക്കൽ നടത്തേണ്ടതാണ്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും, അതായത് നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ നിയന്ത്രണ നിയമം, പരിസ്ഥിതി നിയമം എന്നിവയിൽ ഏതാണോ ബാധകമായത്, ആ നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള അനുമതി ഈ വിഷയത്തിൽ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

4) 2015 ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ.ചട്ടങ്ങളിലെ ചട്ടം 4(3)-ലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാര ചെലവിന്റെ 5% കണ്ടിജൻസി ചാർജ്ജ് അല്ലെങ്കിൽ പരാമർശം (1) ഉത്തരവ് പ്രകാരം അമ്പത് ലക്ഷം രൂപ എന്നതിൽ ഏതാണോ കുറവ് അത് ടി.എസ്.ബി. അക്കൗണ്ടിൽ അർത്ഥനാധികാരി നിക്ഷേപിച്ചിട്ടുണ്ടെന്ന് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതിനു മുമ്പ് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതിയുടെ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനു മുമ്പ്, 2015-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ചട്ടങ്ങളിലെ ചട്ടം 4(6)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ലാൻഡ് അക്വിസിഷൻ ഓഫീസർ കണക്കാക്കിയ നഷ്ടപരിഹാരത്തിന്റെ ബാക്കി തുക പൂർണ്ണമായും അർത്ഥനാധികാരി ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതും, അല്ലാത്തപക്ഷം ഏറ്റെടുക്കൽ നടപടികൾ ഉടനടി നിർത്തലാക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, മലപ്പുറം
3. ജില്ലാ കളക്ടർ, പാലക്കാട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
5. ജലവിഭവ വകുപ്പ്
6. വിവര സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-B2/5/2023-REV )

ഉത്തരവിൻ പ്രകാരം

Signed by
Sandhya S
Date: 14-05-2025 11:59:43

സെക്ഷൻ ഓഫീസർ

പകർപ്പ്:

1) ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2) റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3) റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്